പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2230 05.12.2018 ൽ മറുപടിക്ക്

## നേമം ശാന്തിവിള താലൂക്ക് ആശുപത്രിയിൽ ആവശ്യമായ തസ്തികകൾ

| ചോദ്യം<br><br>ശ്രീ.ഒ. രാജഗോപാൽ | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br><br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
|---|---|
| നേമം ശാന്തിവിള ആശുപത്രി, താലൂക്ക് ആശുപത്രിയാക്കി ഉയർത്തിയ ശേഷം ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ തസ്തികകളിൽ എത്ര ജീവനക്കാരെ നിയമിയ്ക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; ഗൈനക്കോളജിസ്റ്റിനെ നിയമിയ്ക്കുന്നതിനുള്ള തടസ്സം വ്യക്തമാക്കുമോ ? | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായിരുന്ന ശാന്തിവിള നേമം ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തി ഇവിടെ രണ്ട് അസിസ്റ്റന്റ് സർജൻ തസ്തികയും ഒരു ലാബ് ടെക്നീഷ്യന്റെ തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്.<br><br>ടി ആശുപത്രിയലെ ഗൈനക്കോളജി വിഭാഗത്തിലെ ജൂനിയർ കൺസൾട്ടന്റ് ആയി നിയമിച്ചിരുന്ന ഡോക്ടറെ ജില്ലാ മെഡിക്കൽ ഓഫീസറുടെ നടപടിക്രമം പ്രകാരം നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ആറു മാസ കാലയളവിലേക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ